**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1076** **27-07-2021 - ൽ മറുപടിയ്ക്ക്**

**കൃഷി ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ അഭാവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ജീവനക്കാരുടെ അപര്യാപ്തത മൂലം സംസ്ഥാനത്തെ പല കൃഷി ഓഫീസുകളുടെയും ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാനത്ത് നിലവിലുള്ള കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ; | (ബി) | കൃഷി ഓഫീസർ തസ്തികയിൽ 112 ഉം കൃഷി അസിസ്റ്റന്റ് തസ്തികയിൽ 279 ഉം ഒഴിവുകളാണ് നിലവിലുള്ളത്. |
| (സി) | ഈ ഒഴിവുകൾ നികത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;ഇതിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; | (സി) | കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനായി പ്രസ്തുത ഒഴിവുകൾ പി എസ് സി -യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ, കൃഷി അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി പ്രസിദ്ധീകരിച്ച പട്ടികയ്ക്കെതിരെ ഉദ്യോഗാർത്ഥികൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിൽ റാങ്ക് പട്ടിക സ്റ്റേ ചെയ്തിരിക്കുന്നതിനാൽ ടി തസ്തികയിൽ പി എസ് സി യിൽ നിന്നും നിയമന ശുപാർശകൾ നൽകിയിട്ടില്ല. ഈ വിഷയത്തിൽ സർക്കാരിന്റെ അഭിപ്രായം ബഹു.ട്രൈബ്യൂണലിനെ അറിയിക്കുകയും സ്റ്റേ ഒഴിവാക്കി നിയമന നടപടികളുമായി മുമ്പോട്ടു പോകുന്നതിന് പി.എസ്.സി-ക്ക് അനുമതി നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ കഴിഞ്ഞ റാങ്ക്പട്ടികയിൽ ഭിന്നശേഷി വിഭാഗത്തിൽ ഉദ്യോഗാർത്ഥികളില്ലാത്തതിനാൽ, പ്രസ്തുത പട്ടികയിൽ നിന്നും ഈ വിഭാഗത്തിനായി നീക്കിവയ്ക്കാൻ പറഞ്ഞ 21 ഒഴിവുകൾ NAC ആയി മാറ്റിവച്ചിട്ടുള്ളത് ഒഴിച്ച് ബാക്കി നിലവിലുള്ള 258 ഒഴിവുകൾ പി എസ് സി -യ്ക്ക്റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | വടകര മണ്ഡലത്തിൽ നിലവിൽ കൃഷി ഓഫീസർമാരും കൃഷി അസിസ്റ്റന്റുമാരും ഉൾപ്പടെ പതിനഞ്ചോളം ഉദ്യോഗസ്ഥർ വേണ്ടിടത്തു നാലുപേരാണുള്ളതെന്ന വിവരം | (ഡി) | ഉണ്ട്. കൃഷി ഓഫീസർമാരുടെയും കൃഷി അസ്സിസ്റ്റന്റുമാരുടെയും അഭാവം കാരണം കൃഷി ഭവനുകളുടെ പ്രവർത്തനത്തിന് ബുദ്ധിമുട്ട് നേരിടുന്നതിനാൽ കൃഷി ഓഫീസർ തസ്തികയിലെ |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഈ ഒഴിവുകളിൽ അടിയന്തിരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | | മുഴുവൻ ഒഴിവുകളിലും, പി.എസ്.സി-യുടെ നിർദ്ദേശപ്രകാരം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കൃഷി അസ്സിസ്റ്റന്റ് തസ്തികയിൽ, 179 ദിവസത്തേക്കോ പി.എസ്.സി മുഖേന നിയമനം നൽകുന്നതു വരെയോ (ഏതാണോ ആദ്യം അതുവരെ) താൽക്കാലികമായി നിയമനം നടത്തുന്നതിന് എല്ലാ ജില്ലാ ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ